ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട് ഹജ്ജ്, വഖഫ്, കോച്ചിംഗ് സെന്റർ, സ്കോളർഷിപ്പ് തുടങ്ങിയ കാര്യങ്ങളുടെ ജനസമ്പർക്ക കേന്ദ്രമായി ഈ സെക്ഷനുകൾ പ്രവർത്തിക്കുന്നു. പാലോളി കമ്മിറ്റി ശുപാർശകൾ സമയബന്ധിതമായി നടപ്പാക്കുന്നതിനായി നോൺ സെക്രട്ടേറിയറ്റ് തലത്തിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരിച്ചു. പാലോളി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നതിന് സെക്രട്ടേറിയറ്റിൽ രൂപീകരിച്ച ന്യൂനപക്ഷ സെൽ ന്യൂനപക്ഷ ക്ഷേമ വകുപ്പാക്കി. പെൺകുട്ടികൾക്കായി ടോയ്ലെറ്റുകളില്ലാത്ത മുസ്ലീം കേന്ദ്രീകൃത പ്രദേശങ്ങളിൽ 284 സർക്കാർ സ്കൂളുകളിൽ ജലലഭ്യത ഉറപ്പു വരുത്തി 'പെൺകുട്ടികൾക്ക് ഉപയുക്തമായ ടോയ്ലെറ്റുകൾ 'ശുചിത്വ മിഷന്റെ സാങ്കേതിക സഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു. പാലോളി കമ്മിറ്റി ശിപാർശ പ്രകാരമുള്ള പദ്ധതികളുടെ നടത്തിപ്പ്, കാലാകാലങ്ങളിലുള്ള പുരോഗതി അവലോകനം, എന്നിവയ്ക്കായി ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സംസ്ഥാനതല കമ്മിറ്റിയും ജില്ലാതല കമ്മിറ്റികളും രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ഇല്ല.

(സി) സച്ചാർ കമ്മീഷൻ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ന്യൂനപക്ഷ വിഭാഗക്കാർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളെപ്പറ്റി പ്രത്യേകം പ്രതിബാധിച്ചിട്ടില്ല.

പാലൊളി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശ

181(389) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. ടി. ജലീൽ :
ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ ജനവിഭാഗങ്ങൾ കൂടുതലുള്ള തീരദേശ ജില്ലകളിലെ സർക്കാർ സ്കൂളുകളിൽ ഗേൾസ് ഫ്രണ്ട്ലി ടോയ്ലറ്റുകളും യൂറിനൽ കോംപ്ലക്സുകളും നിർമ്മിക്കണമെന്ന പാലൊളി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ : എങ്കിൽ വിശദാംശം നൽകുമോ :

(ബി) പദ്ധതി നടപ്പാക്കുന്നതിനായി എത്ര രൂപ അനുവദിച്ചിട്ടുണ്ട് ; ഈ വർഷം എത്ര സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ :

(സി) യൂറിനൽ കോംപ്ലക്സിന്റെ നിർമ്മാണ ചുമതല ആർക്കാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ :

(ഇ) പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 9 ജില്ലകളിലെ 26 ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലുള്ള 284 സർക്കാർ സ്കൂളുകളിലായി 13758 മീറ്റർ പൈപ്പ് ലൈൻ വിപുലീകരണത്തോടെ 305 ടോയ്ലെറ്റ് കോംപ്ലക്സുകളും 536 യൂറിനൽ കോംപ്ലക്സുകളും നിർമ്മിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) 72320599 രൂപ അനുവദിച്ചിട്ടുണ്ട്. ഈ വർഷം 284 സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(സി) കേരള ശുചിത്വ മിഷന്റെ സഹായത്തോടെ ഓരോ സ്കൂളിലെയും പാരന്റ്സ് ടീച്ചേഴ്സ് അസോസിയേഷൻ മുഖേനയാണ് യൂറിനൽ കോംപ്ലക്സ് നിർമ്മിക്കുന്നത്.

(ഡി) മൺസൂൺ കാലം ആരംഭിക്കുന്നതിനു മുമ്പ് എത്രയും നേരത്തെ പദ്ധതി പൂർത്തിയാക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്.

ന്യൂനപക്ഷ വകുപ്പിന്റെ രൂപീകരണം

182(390) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ വകുപ്പിന്റെ രൂപീകരണം ഏത് ഘട്ടത്തിലാണെന്നും ഇതിന്റെ ഘടന എങ്ങനെയാണെന്നും വ്യക്തമാക്കുമോ ;

(ബി) ന്യൂനപക്ഷ വകുപ്പിന്റെ ജില്ലാതല ഘടകം എപ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ഈ വകുപ്പിന്റെ മേൽനോട്ടത്തിൽ വരുന്ന വിഷയങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഹജ്ജ്, വഖഫ് ബോർഡ് എന്നിവ ന്യൂനപക്ഷ വകുപ്പിന്റെ കീഴിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമവകുപ്പ് രൂപീകരിക്കുകയും പ്രസ്തുത വകുപ്പിൽ ഒരു ഡയറക്ടർ, ഒരു അക്കൗണ്ട്സ് ഓഫീസർ, രണ്ട് എൽ.ഡി.ക്ലാർക്ക്, ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്റർ-കം-കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഒരു ഡ്രൈവർ ഗ്രേഡ്-II, ഒരു പ്യൂൺ, ഒരു പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly